നമല്ലെന്നും, അതു് ഒരു ചരിത്ര യാഥാർത്ഥ്യമായിരുന്നുവെന്നും ഇതിൽനിന്നെല്ലാം തെളിയുന്നു.

ആ ധാരകയിൽ പാർത്തു് ദുഷ്ടനിഗ്രഹവും ശിഷ്ടാനുഗ്രഹവും നിർവ്വഹിച്ച ഭഗവാൻ ശ്രീകൃഷ്ണൻ ഒരു ചരിത്രപുരുഷനാണോ? അതു നിങ്ങൾ തീരുമാനിക്കുക.

(17 മാർച്ച്, 1985)

# 55. 'ശൂരൻ' എന്ന ക്ഷേത്രപാലൻ

മെഡിററേനിയൻ സമുദ്രത്തിന്റെ ഒരു ഭാഗമായി ഈജിയൻകടലിലുള്ള ഒരു ചെറിയ ദ്വീപാണു് സാമോസ്. (വലിപ്പം 778 ച. കി. മി. ജനസംഖ്യ 41,000), ഗ്രീക്ക്സംസ്കാരം അതിന്റെ അത്യുച്ചാവസ്ഥയിലായിരുന്ന കാലത്തു്, രണ്ടായിരത്തഞ്ഞൂറു വർഷംമുമ്പു്, സ്വർഗ്ഗനായികയും സ്യൂസ്ദേവന്റെ പത്നിയുമായ 'ഹേര' എന്ന ദേവിയുടെ പ്രസിദ്ധമായ ഒരു ക്ഷേത്രം ഈ ദ്വീപിലുണ്ടായിരുന്നു. 'ഹെരൈയോൺ' എന്നു വിളിക്കപ്പെട്ടിരുന്ന ഈ ക്ഷേത്രം തകർന്നു മണ്ണടിഞ്ഞിട്ടു് എത്രയോ കാലമായെങ്കിലും, അതിന്റെ സ്മരണകൾ പാശ്ചാത്യലോകത്തിൽ നിന്നു് ഇനിയും മാഞ്ഞുപോയിട്ടില്ല.

ഗ്രീസ്സിലെ ആതൻസ്നഗരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജർമൻ ആർക്കിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ടു് ഒന്നാം മഹായുദ്ധത്തിനുമുമ്പു് ഈ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കഴിച്ചെടുക്കാനുള്ള ശ്രമം ആരംഭിച്ചു. രണ്ടു മഹായുദ്ധങ്ങൾക്കും, ജർമനിയിലും ഗ്രീസിലും ഭരണപരമായ എത്രയോ പരിവർത്തനങ്ങൾക്കു ശേഷവും, ഈ ഉദ്ഖനനപ്രയത്നം ഇന്നും തുടർന്നുവരുന്നു.

സാമോസ് ദ്വീപിലെ ജനവാസകേന്ദ്രത്തിനു പുറത്തായിരുന്നു ഈ വലിയ ദേവീക്ഷേത്രം. ക്ഷേത്രത്തിനു മുമ്പിൽ കിഴക്കുഭാഗത്തായി 'പ്രോപൈലോൺ' എന്നപേരിൽ ഒരു കൂററൻ ഗോപുരം പണ്ടുണ്ടായിരുന്നു. സാമോസിലെ ജനവാസകേന്ദ്രത്തിൽനിന്നു് ആണ്ടുതോറും ഒരു ഘോഷയാത്ര ഈ ഗോപുരത്തിലൂടെ ക്ഷേത്രത്തിലേക്കു പോകാറുണ്ടായിരുന്നു. പക്ഷേ, അതൊക്കെ ആയിരത്താണ്ടുകൾമുമ്പാണു്. ഇന്നു് ഗോപുരം തകർന്നുപോയിരിക്കുന്നു. അങ്ങോട്ടുള്ള റോഡു് മണ്ണിനടിയിലായിരിക്കുന്നു. ഈ പ്രദേശമെല്ലാം നൂററാണ്ടുകൾക്കുമുമ്പു് ആളുകൾ കൈയേറി വളച്ചുകെട്ടി വീടുവെച്ചു് അവിടെ പാർത്തുവരുന്നു.

ഹേരയുടെ ക്ഷേത്രത്തിനു് എത്ര വലുപ്പമുണ്ടായിരുന്നുവെന്നു് അറിയണമെങ്കിൽ, അതിന്റെ ഗോപുരം എവിടെയായിരുന്നുവെന്നു് കണ്ടെത്തണം. ഇതിനായി ജർമൻ ആർക്കിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ടു്, ക്ഷേത്രപരിസരങ്ങൾ കൈയടക്കിയവരുടെ കൈയിൽനിന്നു കിട്ടിയേടത്തോളം ഭൂമി വിലയ്ക്കു വാങ്ങി അവിടെ കഴിച്ചുനോക്കാൻ ആരംഭിച്ചു. പ്രോപൈലോൺ ഗോപുരം നിന്ന സ്ഥലം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. പക്ഷേ, സാമോസ്നഗരത്തിൽനിന്നു ഗോപുരത്തിലേക്കു പോയിരുന്ന ദേവസ്വം നടപ്പാതയുടെ കുറെഭാഗം മണ്ണിനടിയിൽനിന്നു പുറത്തുവന്നു. കൂററൻ കരിങ്കല്ലുകൾ പാകി നിർമിച്ച ഈ നടപ്പാതയുടെ വിവരണം നമ്മുടെ മഹാക്ഷേത്രങ്ങളിലെ പ്രദക്ഷിണവഴികളെ ഓർമിപ്പിക്കുന്നു.

ഈ നടപ്പാതയ്ക്കടുത്തു് ഒരിടത്തു്, മണ്ണിൽ വളരെ ആഴത്തിൽ, ഒരു കൂററൻ മാർബിൾപ്രതിമ 1980–ൽ നടത്തിയ ഉൽഖനനങ്ങളിൽ കണ്ടെത്തി. പതിനേഴ് അടി (5. 2 മീററർ) ഉയരവും ആറു ടണ്ണോളം കനവുമുള്ള ഈ പ്രതിമ മാന്തിയെടുത്തു കഴുകിനോക്കിയപ്പോൾ, അതൊരു യുവാവിന്റേതാണെന്നു മനസ്സിലായി. അവനു് മുഖവും ഇടത്തെ കൈയും ഇടത്തെ കാലും നഷ്ടപ്പെട്ടിരുന്നു. അവന്റെ തലമുടി മനോഹരങ്ങളായ ചുരുളുകളായി കഴുത്തിലേക്കു് ഇറങ്ങിക്കിടന്നിരുന്നു. നഷ്ടപ്പെടാതെ ശേഷിച്ച വലത്തെ കൈയിലെ നഖങ്ങളുടെ ഭംഗി സന്ദർശകരെ വളരെയധികം ആകർഷിച്ചുവത്രെ. ഈ യുവാവിന്റെ മാംസപേശികളുടെ സ്വാഭാവികത ഡോക്ടർമാരുടെ സവിശേഷപഠനത്തിനു വിഷയമായി. എത്രയോ ആണ്ടുകളിൽ വെയിലും മഴയും മഞ്ഞും സഹിച്ചതിന്റെ അടയാളങ്ങൾ അവന്റെ ചുമലുകളിലുണ്ടായിരുന്നു. ദേവീക്ഷേത്രത്തിലേക്കുള്ള നടപ്പാതയുടെ വക്കത്തു് അവനെ നിവർത്തിനിർത്തിയിരിക്കുകയായിരുന്നു എന്നു സ്പഷ്ടം. 'ഹിസ്' ചെസ്' അനേ-ഥെയെൻ ഹോർഹേസിയൂസ്'' എന്നൊരു ലിഖിതം അവന്റെ വലത്തെ ഭുജത്തിൽ വായിക്കാൻ കഴിഞ്ഞു. 'ഹിസ്ചെസ്'' എന്നാൽ, പ്രതിഷ്ഠിക്കപ്പെട്ടതു് എന്നർത്ഥം. 'അനേഥെയെൻ' എന്നതു് ഈ പ്രതിമ ക്ഷേത്രത്തിലേക്കു നൽകിയ ആളുടെയോ പ്രതിമ നിർമിച്ച നഗരത്തിന്റെയോ പേരായിരിക്കാം. ഏതായാലും ദേവിക്കു വഴിപാടായി നടപ്പാതയുടെ ഒരുവശത്താണു് പ്രാചീനയവനർ അവനെ പ്രതിഷ്ഠിച്ചിരുന്നതു്. ഇത്തരം പ്രതിമകളെ ഗ്രീക്കുകാർ 'കൂരോസ്'' (KOUROS) എന്നു വിളിച്ചുവന്നു. ഗ്രീക്ക്ഭാഷയും സംസ്കൃതവും പരസ്പരം ബന്ധപ്പെട്ടവയാണു്. ഗ്രീക്കിലെ 'ക' സംസ്കൃതത്തിൽ 'ശ' ആയി മാറുന്നു. സംസ്കൃതത്തിലെ 'ശൂരഃ' (മലയാളത്തിൽ 'ശൂരൻ')തന്നെ ഗ്രീക്കിലെ 'കൂരോസ്''. ഹേരാദേവിയുടെ ക്ഷേത്രപാലന്മാരിൽ ഒരാളെയാവാം, രണ്ടായിരത്തഞ്ഞൂറു വർഷം മണ്ണിനടിയിൽ കമഴ്ന്നുകിടന്നു് ഉറങ്ങിയശേഷം, 1980–ൽ ജർമൻകാർ പുറത്തെടുത്തതു്!

മൂന്നു് ആൾ പൊക്കത്തിലുള്ള 'ശൂരൻ' (നമുക്കു് അവനെ അങ്ങനെതന്നെ വിളിക്കുക )ഒരു വർഷത്തോളം സാമോസിലെ വെസ്റ്റ് ജർമൻ ആർക്കിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുററത്തു് വെയിൽ കാഞ്ഞുകിടന്നു. അവന്റെ നഷ്ടപ്പെട്ട മുഖവും കാലും കണ്ടെത്താനുള്ള ശ്രമം ഊർജിതമായി നടന്നു. 1912–ൽ കണ്ടുകിട്ടിയിരുന്ന മാർബിൾകൊണ്ടുള്ള ഒരു കാൽ നമ്മുടെ ശൂരന്റെ ശരീരത്തിനു നല്ലപോലെ ഇണങ്ങുമായിരുന്നു. സാമോസിലെ കടൽക്കരയിൽ, ഒരു വീടിന്റെ അവശിഷ്ടങ്ങളിൽനിന്നു് അവന്റെ ചുരുൾമുടിയുടെ കുറെ ഭാഗം കിട്ടി. തുർക്കികളുടെ വാഴ്ചക്കാലത്തു് സാമോസിൽ നിർമിച്ചിരുന്ന ഒരു വീടിന്റെ ഉമ്മറപ്പടിക്കടിയിൽ, രണ്ടു കഷണങ്ങളായി കിടന്നിരുന്ന അവന്റെ ഇടതുകൈ 1974–ൽതന്നെ കണ്ടെടുത്തിരുന്നു. ഒടുവിൽ, 1984–ന്റെ തുടക്കത്തിൽ അവന്റെ മുഖം, പത്തു സെൻറിമീററർമാത്രം മണ്ണിനു താഴെ കാണപ്പെട്ടു. 'ശൂരൻ' അങ്ങനെ സമഗ്രരൂപത്തിൽ വീണ്ടും അവതരിച്ചു!

കുഴിച്ചെടുത്ത സ്ഥലത്തുനിന്നു് ഇരുപത്തിരണ്ടു കിലോമീററർ അകലെയുള്ള സാമോസ് മ്യൂസിയത്തിലേക്കു് ഗ്രീക്കുസേനയുടെ ഒരു വാഹനത്തിൽ ശൂരനെ കൊണ്ടുപോയി. അവിടെ അവനെ നിവർത്തി പ്രതിഷ്ഠിക്കുവാൻ ഒരു മുറി പ്രത്യേകമായുണ്ടാക്കി. ആറു ടൺ കനം താങ്ങാൻ പാകത്തിൽ അസ്തിവാരമിട്ടു തറകെട്ടി. ഈ ആണ്ടിൽ ഈസ്റ്റർ ആവുമ്പോഴേക്കു് ശൂരനു തന്റെ പുതിയ കോവിലിൽ നിവർന്നുനിൽക്കാൻ കഴിയുമെന്നാണു പ്രതീക്ഷ.

പ്രാചീന ഗ്രീസിൽനിന്നു കിട്ടിയിട്ടുള്ള പ്രതിമകളിൽ ഏററവും വലുതു് 'ശൂരൻ' അത്രെ. പക്ഷേ, ശൂരൻ ഒററപ്പെട്ട ഒരു പ്രതിഭാസം ആയി

രുന്നില്ല. ഇതേ വലിപ്പത്തിൽ മാർബിൾകൊണ്ടുള്ള രണ്ടു കാലുകളും ഒരു കൈയും ഇപ്പോൾ സാമോസ് മ്യൂസിയത്തിലുണ്ട്. ഇതിനർത്ഥം, ഒരു ‘ശ്രൂരൻ‘ കൂടി ഉണ്ടായിരുന്നു എന്നാണ്. ഒരുപക്ഷേ, ഹേരാദേവിയുടെ ക്ഷേത്രത്തിനു മുമ്പിൽ, നടപ്പാതയുടെ ഇരുവശങ്ങളിലുമായി, രണ്ടു ശ്രൂരന്മാർ ഒരു കാലത്ത് ക്ഷേത്രപാലനം അനുഷ്ഠിച്ചുവന്നിരിക്കാം.

‘ശ്രൂര'ന്റെ ചിത്രം കണ്ടപ്പോൾ ഞാൻ പെട്ടെന്ന് ഓർത്തത് കർണാടകത്തിൽ ശ്രാവണ ബെളഗൊളയിലുള്ള ഗോമടേശ്വരപ്രതിമയാണ്.

(7 ഒക്ടോബർ, 1984)

## 56. ശ്രീചക്രം

കേരളത്തിലെ ക്ഷേത്രങ്ങളിലും മിക്ക ഹിന്ദുഗൃഹങ്ങളിലും ബ്രാഹ്മണർ നിർവഹിക്കാറുള്ള രണ്ടു പൂജകളാണ് ഗണപതിഹോമവും ഭഗവതിസേവയും. ചതുരത്തിനുള്ളിൽ ഒരു സ്വസ്തികവരച്ച്, അതിലെ വിപരീതവശങ്ങളിൽ അരിപ്പൊടിയും മഞ്ഞപ്പൊടിയും വിതറി നിർമിക്കുന്ന ‘കള'ത്തിലാണ് ഭഗവതിസേവ നിർവഹിക്കപ്പെടുന്നത്. ഈ കളത്തെ കേരളത്തിൽ ‘പത്മം' എന്നു വിളിക്കുന്നു. താന്ത്രികപൂജയ്ക്കുള്ള ഏറ്റവും സരളമായ കളമാണ് ‘പത്മം.' ഇത്തരം കളങ്ങളെ ഇന്ത്യയുടെ മററു ഭാഗങ്ങളിൽ 'ചക്രം' എന്നോ 'യന്ത്രം' എന്നോ 'മണ്ഡലം' എന്നോ വിളിക്കുന്നു. ലോഹത്തകിടിൽ വരച്ച് ഏലസ്സിൽ അടച്ച് അരയിലോ കഴുത്തിലോ കെട്ടുന്ന മാന്ത്രികക്കളങ്ങൾ കേരളത്തിലും ‘യന്ത്രം' എന്ന പേരിൽ അറിയപ്പെടുന്നു.

പലതരം 'യന്ത്ര'ങ്ങൾ ഉള്ളവയിൽ ഏററവും പ്രസിദ്ധമത്രെ ‘ശ്രീചക്രം.' ‘ശ്രീയന്ത്ര'മെന്നും ഇതിനു പേരുണ്ട്. ഇന്ത്യയിലെ പല പ്രസിദ്ധ ക്ഷേത്രങ്ങളിലും ബിംബത്തിനടിയിൽ നിക്ഷേപിച്ചോ വേറിട്ടു തന്നെയോ ശ്രീചക്രത്തെ പൂജിച്ചുവരുന്നു. കല്ലിൽ കൊത്തിയും തകിടിലും കടലാസ്സിലും വരച്ചും ശ്രീചക്രത്തെ പൂജിക്കാറുണ്ട്. പല ഗൃഹങ്ങളിലും ചെമ്പിൽവരച്ച ശ്രീചക്രങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്നതു കാണാം.

ശ്രീചക്രവും ശക്തിപൂജയും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. സുപ്രസിദ്ധമായ, ലളിതാസഹസ്രനാമത്തിൽ ‘ശ്രീചക്രരാജനിലയ' എന്നു ദേവി വാഴ്ത്തപ്പെടുന്നു. ശങ്കരാചാര്യർ നിർമിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ‘സൗന്ദര്യലഹരി'യിലെ താഴെ ചേർത്ത പദ്യം ശ്രീചക്രത്തിന്റെ വിവരണമാണ്.

> ചതുർഭിഃ ശ്രീകണ്ഠൈഃശിവയുവതിഭിഃ പഞ്ചഭിരപി പ്രഭിന്നാഭിഃ
> ശംഭോർന്നവഭിരപി മൂലപ്രകൃതിഭിഃ
> ത്രയശ്ചത്വാരിംശദ്വസുദള കലാശ്ര ത്രിവലയ
> ത്രിരേഖാഭിഃ സാർധം തവശരണകോണാഃ പരിണതാഃ

ശ്രീചക്രം ദേവിയുടേ നിവാസസ്ഥാനമാണെന്ന് ഈ പദ്യത്തിലും പറയുന്നു. ‘ശ്രീവിദ്യ' എന്നറിയപ്പെടുന്ന പ്രശസ്തമായ ഷോഡശാക്ഷരി മന്ത്രവും ശ്രീചക്രവുമായി അഭേദ്യമായ ബന്ധമുണ്ട്. ശ്രീവിദ്യാമന്ത്രത്തിന്റെ ‘ക' എന്നു തുടങ്ങുന്നതും, ‘ഹ' എന്നു തുടങ്ങുന്നതുമായ രണ്ടു രൂപങ്ങളും സൗന്ദര്യലഹരിയിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. ശ്രീചക്രത്തെ